പത്രക്കുറിപ്പ്


**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**

T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05


11.02.2021

# കുട്ടികൾ പ്രതിയാകുന്ന കേസുകളിൽ കുറ്റപത്രം വൈകിക്കരുതെന്ന് ബാലാവകാശ കമ്മീഷൻ

കുട്ടികൾ പ്രതിയാകുന്ന കേസുകളിൽ യഥാസമയം കുറ്റപത്രം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്താതെ പൊലീസ് നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. മുതിർന്നവർ കൂടി ഉൾപ്പെട്ട കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതുവരെ അന്തിമ വിചാരണാനടപടികൾ നീണ്ടുപോയാൽ അന്വേഷണത്തിന്റെ പ്രസക്തി നഷ്ടമാകുമെന്നും ഇത് കുട്ടിയുടെ ഉത്തമതാത്പര്യത്തിന് എതിരാകുമെന്നും കമ്മീഷൻ അംഗങ്ങളായ ഫാ. ഫിലിപ്പ് പരക്കാട്ട്, കെ. നസീർ എന്നിവർ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കി.

ബാലനീതി നിയമം അനുസരിച്ച് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കെതിരായ കേസിൽ പൊലീസ് ജുവനൈൽ ജസ്റ്റിസ് ബോർഡിനാണ് കുറ്റപത്രം സമർപ്പിക്കേണ്ടത്. അത്തരം കേസുകളിൽ നാലു മാസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടത് ബോർഡിന്റെ ചുമതലയാണ്. പരമാവധി രണ്ടു മാസം കൂടി അന്തിമ തീർപ്പ് നീട്ടിവയ്ക്കാം. കുറ്റപത്രം വൈകുന്നതിനിടെ കുട്ടി 18 വയസ്സ് പൂർത്തിയാക്കിയാൽ ബോർഡ് പുറപ്പെടുവിക്കുന്ന ഉത്തരവ് തന്നെ അപ്രസക്തമാകുമെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി.

അതിനാൽ, ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള രേഖകളുടെയും മറ്റും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബന്ധപ്പെട്ട കോടതിയിൽ നിന്ന് ശേഖരിക്കുന്നതിന് പൊലീസ് യഥാസമയം നടപടി സ്വീകരിക്കണം. ഇക്കാര്യം സ്റ്റേഷൻ ഹൗസ് ഓഫീസർ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സർക്കുലർ മുഖേന സംസ്ഥാന പൊലീസ് മേധാവി ഉറപ്പുവരുത്തണമെന്നും കമ്മീഷൻ നിർദേശിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ


സി.ആർ.എം.പി നമ്പർ: 6881/ഐ/പ2/2020, തീയതി: 03.02.2021